"ഭരണഭാഷ - മാതൃഭാഷ"

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

എഫ് 3/28235/15
തീയതി : 14.09.2015

# സർക്കുലർ

വിഷയം :സാമൂഹ്യനീതി വകുപ്പ് - വനിതാ ഗൃഹനാഥരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നത് - പുതുക്കിയ മാനദണ്ഡങ്ങൾ - സംബന്ധിച്ച്.

വായിച്ചു : 1. സ.ഉ (സാധാ) നം. 524/2015/സാനീവ തീയതി: 18.08.2015
2. സ.ഉ (സാധാ) നം. 322/2014/സാനീവ തീയതി: 08.05.2014

സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം വനിതാ ഗൃഹനാഥരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന "സ്നേഹപൂർവ്വം" പദ്ധതിയുമായി സമാനത ഉള്ളതിനാൽ ധനസഹായത്തിൽ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം വനിതാ ഗൃഹനാഥരുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയിൽ മാനദണ്ഡങ്ങൾ മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിൻ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മുകളിൽ രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവിൽ അനുവദിച്ചിട്ടുള്ള തുകയിൽ മാറ്റം വരുത്തിയിട്ടില്ല. പുതുക്കിയ മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

1. BPL വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് ധനസഹായത്തിന് അർഹതയുള്ളത്.
2. വിവാഹമോചിതരായ വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
3. പുനർ വിവാഹം കഴിച്ചവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
4. ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
5. ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
6. ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ് / പക്ഷാഘാതം മൂലം ജോലി ചെയ്യാനും, കുടുംബം പുലർത്തുവാനും കഴിയാത്തവിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
7. നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

PDF processed with CutePDF evaluation edition www.CutePDF.com

8. എ.ആർ.ടി തെറാപ്പി ചികിത്സയ്ക്ക് വിധേയരാകുന്ന HIV ബാധിതരായ വ്യക്തികളുടെ കുഞ്ഞുങ്ങൾക്കും ധനസഹായത്തിന് അർഹതയുണ്ട്.
9. അപേക്ഷകളിൽ സർക്കാർ നൽകുന്ന മറ്റൊരു വിദ്യാഭ്യാസ ധനസഹായത്തിനും സ്കൂൾ/കോളേജ് വഴി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന സാക്ഷ്യപ്പെടുത്തൽ സ്ഥാപന മേധാവി വരുത്തേണ്ടതാണ്.
10. അപേക്ഷകൾ അങ്കണവാടി വർക്കർമാർ വഴി അതാത് സിഡിപിഒമാർക്ക് സമർപ്പിക്കേണ്ടതും, സിഡിപിഒമാർ അന്വേഷണം നടത്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയശേഷം ജില്ലാ ഓഫീസർക്ക് അയയ്ക്കേണ്ടതാണ്.

ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള അപേക്ഷാ ഫാറത്തിൽ മാത്രമേ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ. അല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്.

മേൽ നിബന്ധനകൾ പ്രകാരമുള്ള അപേക്ഷകൾ മാത്രമേ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സ്വീകരിക്കുവാൻ പാടുള്ളൂ. ഈ നിബന്ധനയിൽ ഉൾപ്പെടാത്തവരുടെ അപക്ഷകൾ KSSMന് സമർപ്പിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്. പുതുക്കിയ നിബന്ധനകൾ പ്രകാരമുള്ള പുതുക്കിയ അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സിഡിപിഒമാർ മുഖേന സ്വീകരിച്ച ശേഷം, എത്ര തുക ധനസഹായം നൽകുന്നതിന് വേണ്ടിവരുമെന്ന വിവരം അറിയിക്കേണ്ടതാണ്.

(08.05.2014ലെ സ.ഉ (സാധാ) നം. 322/2014/സാനീവ പ്രകാരം)

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. എല്ലാ സിഡിപിഒമാർക്കും
3. സ്റ്റോക്ക് ഫയൽ

SK/15

## വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | അപേക്ഷകയുടെ പേര്, അഡ്രസ്സ്, പിൻകോഡ്, ഫോൺ നം. | |
| 2. | വിദ്യാഭ്യാസ ധനസഹായം ലഭിക്കേണ്ട കുട്ടിയുടെ പേര്, ജനനതീയതി | |
| 3. | പഠിക്കുന്ന ക്ലാസ്സ്, സ്കൂൾ | |
| 4. | സംസ്ഥാന/കേന്ദ്ര സർക്കാരിൽ നിന്നും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ ? 'ഉണ്ട്' എങ്കിൽ വിശദ വിവരം | |
| 5. | മുൻ വർഷം വിദ്യാഭ്യാസ ധന സഹായം ലഭിച്ചിട്ടുണ്ടോ? 'ഉണ്ട്' എങ്കിൽ വിശദ വിവരം | |
| 6. | അപേക്ഷകയുടെ തൊഴിൽ, വരുമാനം | |
| 7. | അപേക്ഷക ബി.പി.എൽ വിഭാഗത്തിൽ പ്പെട്ടയാളാണോ? (BPL സർട്ടിഫിക്കറ്റ് ഹാജരാക്കണം) | |
| 8. | അപേക്ഷക APL വിഭാഗത്തിൽപ്പെട്ട ART തെറാപ്പി ചികിത്സക്ക് വിധേയമാകുന്ന HIV/AIDS ബാധിതയാണോ ? | |
| 9 | അപേക്ഷകയുടെ ബാങ്കിന്റെ പേരും ബ്രാഞ്ചും, ബാങ്ക് അക്കൗണ്ട് നമ്പരും IFSC കോഡും | ബാങ്കിന്റെ പേര്:<br>ബ്രാഞ്ച് :<br>അക്കൗണ്ട് നം.:<br>IFSC കോഡ് : |

സ്ഥലം :
തീയതി :

**അപേക്ഷകയുടെ പേര്, ഒപ്പ്**

### വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ ശുപാർശ

. . . . . . . . . . . . . . . . എന്ന കുട്ടി ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ . . . . . . . . . . . . . . ക്ലാസ്സിൽ പഠിക്കുകയാണെന്നും ടിയാന് കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും സ്കോളർഷിപ്പോ മറ്റ് വിദ്യാഭ്യാസ ധനസഹായമോ ലഭിക്കുന്നില്ല എന്നും ഈ കുട്ടി 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

തീയതി
(സീൽ)

**വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ ഒപ്പ്**

### ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ

ശ്രീമതി . . . . . . . . . . . . . .(അപേക്ഷകയുടെ പേര്) BPL വിഭാഗത്തിൽപ്പെട്ട ഒരു വനിതാ ഗൃഹനാഥയാണെന്നും സ.ഉ(സാധാ) നം. 524/15 തീയതി 18.8.15 പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ടെന്ന് എന്റെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽ അപേക്ഷ ശുപാർശ ചെയ്ത് കൊള്ളുന്നു.

(ഓഫീസ് സീൽ)

**ശിശു വികസന പദ്ധതി ഓഫീസറുടെ ഒപ്പ്**
**സീൽ**

N.B : അപേക്ഷക ഗൃഹനാഥയാണെന്നും BPL കുടുംബത്തിൽപ്പെട്ട ആളാണെന്നും APL ആണെങ്കിൽ അർഹതപ്പെട്ട വിഭാഗത്തിൽപ്പെടുന്നവരാണെന്നും തെളിയിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം